കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ലൈബ്രറി & ഇൻഫർമേഷൻ മാനേജ്മെന്റ്

തദ്ദേശഭരണസ്ഥാപനങ്ങളിലെ ലൈബ്രേറിയന്മാർക്ക് 30 ദിന ഓൺലൈൻ പരിശീലനം

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്കു കീഴിൽ പ്രവർത്തിക്കുന്ന എഴുന്നൂറ്റിയമ്പതിനടുത്തുവരുന്ന ലൈബ്രറികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകളെക്കുറിച്ചും സമൂഹത്തിന്റെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് അവയുടെ പ്രവർത്തനങ്ങൾ എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാമെന്നതിനെക്കുറിച്ചും സാമാന്യ വിജ്ഞാനം പകർന്നു നൽകേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാർക്കായി ഓഫീസ് ആൻഡ് ലൈബ്രറി മാനേജ്മെന്റ് എന്ന വിഷയത്തിൽ കില തൃശൂർ ക്യാമ്പസിൽ ത്രിദിന പരിശീലനം നടത്തിവന്നിരുന്നു. അഞ്ചു ബാച്ചുകളിലായി ഇരുന്നൂറ്റിമുപ്പതോളം ലൈബ്രേറിയൻമാർക്ക് കില പരിശീലനം നൽകുകയുണ്ടായി. കൊവിഡ്-19 പശ്ചാത്തലത്തിൽ ഇനിയും ഈ രീതിയിൽ പരിശീലനം മുൻപോട്ടുകൊണ്ടുപോവാനാവാത്ത സാഹചര്യത്തിൽ ഇതേ വിഷയങ്ങൾ തന്നെ 30 ദിവസങ്ങൾ നീളുന്ന ഓൺലൈൻ പരിശീലനം നൽകാൻ കില തീരുമാനിച്ചിരിക്കുകയാണ്.

പരിശീലന ലക്ഷ്യങ്ങൾ

- ലൈബ്രറികളുടെ പ്രവർത്തനം നൂതനാശയങ്ങളോടെ കാര്യക്ഷമമാക്കുക.
- ലൈബ്രറികളുടെ നിലവാരം ഉയർത്തുക.
- ലൈബ്രറി ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനുള്ള ലൈബ്രേറിയന്റെ കാര്യശേഷി വികസിപ്പിക്കുക.
- ലൈബ്രറികളിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള സേവനങ്ങൾ ലഭ്യമാക്കാൻ വേണ്ട പ്രാരംഭനടപടികളെടുക്കാൻ ലൈബ്രേറിയന്മാരെ സജ്ജരാക്കുക.
- ലൈബ്രേറിയന്റെ നേതൃശേഷി വർദ്ധിപ്പിക്കുക.
- പ്രാദേശിക കലാ-സാംസ്കാരിക-സാമൂഹിക-വിജ്ഞാന-വിഭവ കേന്ദ്രങ്ങളാക്കി ലൈബ്രറികളെ പുനർനിർമ്മിക്കുക.

പരിശീലന വിഷയങ്ങൾ

- തദ്ദേശഭരണസ്ഥാപനങ്ങളിലെ ലൈബ്രറികൾ - ആവശ്യകതയും, പ്രസക്തിയും
- ലൈബ്രറി - അടിസ്ഥാന സൗകര്യങ്ങളും, അനുബന്ധ സൗകര്യങ്ങളും
- ലൈബ്രറി - ക്രമീകരണവും പരിപാലനവും (അക്വിസിഷൻ, ക്ലാസ്സിഫിക്കേഷൻ, കാറ്റലോഗിംഗ്, സാങ്കേതിക ജോലികൾ, മെയിന്റനൻസ്, തുടങ്ങിയവ)
- ലൈബ്രറി - വിവര സാങ്കേതികവിദ്യ
- ലൈബ്രറി - നേതൃശേഷി വികസനം
- ലൈബ്രറി - നല്ല മാതൃകകളുടെ നിർമ്മിതി
- മാതൃകാ ലൈബ്രറികൾ - കർമ്മ പദ്ധതി

പരിശീലനരീതി

വിർച്വൽ ക്ലാസ്സ് റൂം - ഓൺലൈൻ പഠനം, വീഡിയോ ലെക്ചറിംഗ്, നിർദ്ദേശപ്രകാരമുള്ള വായന, ഓൺലൈൻ ചർച്ചാ വേദികൾ.

പരിശീലനാർത്ഥികളുടെ മൂല്യനിർണ്ണയം

ഗ്രൂപ്പുകളായും ഒറ്റക്കും ചെയ്യാവുന്ന അസൈന്മെന്റുകൾ ഉണ്ടാകുന്നതായിരിക്കും. സമയബന്ധിതമായി പരിശീലനം പൂർത്തിയാക്കുന്ന പരിശീലനാർത്ഥികൾക്ക് കില പോർട്ടലിൽ നിന്നു തന്നെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്.

പ്രവേശനം

ഇനിയും പരിശീലനത്തിനായി രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ലൈബ്രേറിയന്മാർ താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ നൽകിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിക്കേണ്ടതാണ്.
ലിങ്ക്: https://www.kila.ac.in/lmt/

ശാലിനി കെ. എസ്. (കോഴ്സ് ഡയറക്ടർ)
ലെക്ചറർ ഇൻ ഐ. ടി.

കൂടുതൽ വിവരങ്ങൾക്ക്:
മഞ്ചു ഒ. (കോഴ്സ് കോർഡിനേറ്റർ)
അസിസ്റ്റന്റ് ലൈബ്രേറിയൻ (+91 9496361430)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ് (പി. ഒ.), തൃശ്ശൂർ - 680581
ഫോൺ: *0487 2207000, 0487 2201062* (ഫാക്സ്)
Email: info@kila.ac.in, Website: www.kila.ac.in